## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3504

11-12-2018-ൽ മറുപടിക്ക്

### കർഷകരുടെ കടങ്ങൾക്ക് മൊറൊട്ടോറിയം

**ചോദ്യം**

ശ്രീ.ഷാഫി പറമ്പിൽ
ശ്രീ. ഐ.സി. ബാലകൃഷ്ണൻ
ശ്രീ. റോജി. എം. ജോൺ
ശ്രീ. പി.ടി. തോമസ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രളയത്തിൽ സർവ്വതും നഷ്ടപ്പെട്ട കർഷകരുടെ കടങ്ങൾക്ക് മൊറൊട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | സംസ്ഥാനത്ത് മഴക്കെടുതി മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി പ്രളയബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള ഇടങ്ങളിലെ കർഷകർക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക, വിദ്യാഭ്യാസ വായ്പകളുൾപ്പെടെയുള്ള എല്ലാത്തരം വായ്പകളുടെയും പേരിലുള്ള ജപ്തി നടപടികൾക്ക് 2018 ഒക്ടോബർ 12 മുതൽ ഒരു വർഷക്കാലത്തേയ്ക്കാണ് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.<br>2018 ഓഗസ്റ്റ് 20 ന് കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം ഷെഡ്യൂൾഡ്/ വാണിജ്യ ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ ചർച്ച ചെയ്ത് അംഗീകരിക്കുകയും, ഈ നടപടികളുടെ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ നടപടികളുടെ വിശദാംശങ്ങൾ www.slbckerala.com എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. അർഹമായ കാർഷിക വായ്പകൾക്കുള്ള മോറട്ടോറിയം ഈ നടപടികളുടെ ഭാഗമാണ്.<br>സംസ്ഥാനത്ത് മഴക്കെടുതിമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി പ്രളയബാധിത പ്രദേശമായി ദുരന്ത |

| | | | |
|---|---|---|---|
| | | | നിവാരണ അതോറിറ്റിയുടെ മാർഗരേഖ പ്രകാരം സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഇടങ്ങളിലെ കാർഷിക കടങ്ങൾക്ക് 31-07-2018 മുതൽ ഒരു വർഷത്തേക്ക് സഹകരണ സംഘം രജിസ്ട്രാറുടെ 51/18 നമ്പർ സർക്കുലർ പ്രകാരം മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രളയബാധിത പ്രദേശമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിലെ അംഗങ്ങൾ എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. മോറട്ടോറിയം കാലാവധിയിലെ പിഴ പലിശ ഈടാക്കുന്നതല്ല. മോറട്ടോറിയം കാലാവധിയിൽ നിലവിലുള്ള നിശ്ചിത നിരക്കിലുള്ള പലിശ ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്കിന് മോറട്ടോറിയം കാലാവധിക്കു ശേഷം ഈടാക്കാവുന്നതാണ്. എന്നാൽ സഹകരണ സംഘം/ബാങ്ക് സ്വന്തം ഫണ്ട് ഉപയോഗിച്ച് നൽകുന്ന വായ്പകളിന്മേലുള്ള മേൽ കാലയളവിലെ പലിശ അതാത് സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ ഇളവ് ചെയ്തു കൊടുക്കുന്നതാണ് എന്നും സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.<br>12.10.2018 ലെ സ .ഉ. (എം.എസ്)നം 367/2018/റവ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്തു സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും, ഹൗസിങ് ബോർഡ്, കോ - ഓപ്പറേറ്റീവ് ഹൗസിങ് ഫെഡറേഷൻ,ന്നോക്കവിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ ,സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട് 1968, 71 -ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ക്ഷീരവികസനവും, മൃഗ സംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസവായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് ഉത്തരവ് തീയതിയായ 12.10.2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ചു ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി)<br><br><br><br><br><br><br><br><br><br>(സി) | വിവിധ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത കർഷകരുടെ വായ്പയുടെ പലിശ മൊറട്ടോറിയം കാലാവധി കഴിഞ്ഞതിനുശേഷം ഈടാക്കാനുള്ള സഹകരണ ബാങ്കിന്റെ തീരുമാനം കൃഷിവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br><br>പ്രസ്തുത വ്യവസ്ഥകൾക്ക് മാറ്റം വരുത്തി മോറട്ടോറിയം കാലാവധിയിൽ പലിശ പൂർണ്ണമായും ഇളവ് ചെയ്യാൻ കൃഷി വകുപ്പ് സഹകരണ ബാങ്കുകളിൽ സമ്മർദ്ദം ചെലുത്തുമോ? | (ബി)<br>യും<br>(സി)<br>യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ 51/18 തീയതി 15-10-2018 നമ്പർ സർക്കുലർ പ്രകാരം മോറട്ടോറിയം കാലാവധിയിൽ നിലവിലുള്ള നിശ്ചിത നിരക്കിലുള്ള പലിശ ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്കിന് മോറട്ടോറിയം കാലാവധിക്കുശേഷം ഈടാക്കാവുന്നതാണ്. എന്നാൽ സഹകരണ സംഘം/ബാങ്ക് സ്വന്തം ഫണ്ട് ഉപയോഗിച്ച് നൽകുന്ന വായ്പകളിന്മേലുള്ള മേൽ കാലയളവിലെ പലിശ അതാത് സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ